പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5145 28.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റുകളിലെ നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>,, എസ്. ശർമ്മ<br>,, ഐ.ബി. സതീഷ്<br>,, കെ. ദാസൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തകർന്നു കിടന്നിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റുകളിൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച ബസ്സ് ടെർമിനലുകളും ഷോപ്പിംഗ് കോംപ്ലക്സുകളും ഇന്നും പൂർണ്ണതോതിൽ പ്രവർത്തനം നടത്താൻ കഴിയാത്തത് ഗൗരവമായി കാണുന്നുണ്ടോ; | (എ) യും (ബി) യും | മുൻ. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി നേരിട്ട് നടപ്പിലാക്കിയ ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ബി.ഒ.ടി വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി പണി പൂർത്തീകരിച്ച അങ്കമാലി, തിരുവനന്തപുരം (തമ്പാനൂർ), കോഴിക്കോട്, തിരുവല്ല എന്നീ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ ബസ് ടെർമിനലുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാണിജ്യ സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.<br>കെ.റ്റി.ഡി.എഫ്.സി ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിച്ചിട്ടുള്ള അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികളും ഓഫീസ് സ്പെയ്സും പല തവണ ടെൻഡർ നടപടികളിലൂടെ ലേലം ചെയ്തു എങ്കിലും പൂർണ്ണമായി വാടകയ്ക്ക് പോയിട്ടില്ല. കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകാനുള്ള നടപടികളും നടന്നുവരുന്നു. |
| (ബി) | ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികളും ഓഫീസ് സ്പേസും ഒഴിഞ്ഞു കിടക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് തടസ്സങ്ങൾ നീക്കി സമയബന്ധിതമായി ഇവ ലേലം കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ബസ്സ് ടെർമിനലുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി പുന:ക്രമീകരണം നടത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ? | (സി) | പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ